പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2326 07.02.2019-ൽ മറുപടിക്ക്**

**ജി.എസ്.ടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയ ശേഷം ഓരോവർഷവും കണ്ടെത്തിയ ജി.എസ്.ടി വെട്ടിപ്പ് എത്രയെന്നും എത്ര സ്ഥാപനങ്ങൾ ഇത്തരത്തിൽ ഓരോ വർഷവും വെട്ടിപ്പ് നടത്തിയെന്നും വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇത്തരം വെട്ടിപ്പ് നടത്തിയ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | നികുതി വെട്ടിപ്പ് പിടികൂടുന്നതിനായി ബില്ലുകൾ പരിശോധിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് സ്ക്വാഡുകളിൽ കൂടുതൽ പേരെ വിന്യസിച്ച് പരിശോധന കാര്യക്ഷമമാക്കിയിരിക്കുന്നു. കടകളിൽ നേരിട്ട് ചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവർ എല്ലാംതന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. സംസ്ഥാനാതിർത്തികളിൽ കൂടുതൽ സർവൈലൻസ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്.<br><br>വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഓരോ വർഷവും പിടിച്ചെടുത്ത തുക എത്രയെന്നറിയിക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | രജിസ്ട്രേഷനെടുത്തശേഷം റിട്ടേൺ ഫയൽ ചെയ്യാതെയും റിട്ടേണുകളിൽ വ്യത്യാസം വരുത്തിയും വെട്ടിപ്പ നടത്തുന്നത് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികൾക്ക്, നോട്ടീസ് നൽകിയിട്ടുണ്ട്. റിട്ടേണുകളുടെ വിശദപരിശോധന വാർഷിക റിട്ടേൺ സമർപ്പിച്ചതിനു ശേഷം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ഇത്തരത്തിൽ കണ്ടെത്തിയ വെട്ടിപ്പ് തുക എത്ര; എത്ര സ്ഥാപനങ്ങളാണ് ഇത്തരത്തിൽ വെട്ടിപ്പ് നടത്തിയത്; ഇവരിൽ നിന്നും എന്ത് തുക ഈടാക്കി; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ